**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3452** **08-10-2025 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ബോണസ് മാർക്ക് നൽകുന്ന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ പ്രവേശനത്തിന് അതത് സ്കൂളുകളിൽ പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികൾക്ക് ബോണസ് മാർക്ക് നൽകുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് വൺ പ്രവേശനത്തിന് അതത് സ്കൂളുകളിൽ പഠിച്ച് എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ കുട്ടികൾക്ക് ബോണസ് മാർക്ക് നൽകുന്ന സംവിധാനം നിലവിലുണ്ട്. അതേ സ്കൂളിലെ വിദ്യാർഥിയ്ക്ക് 2 ബോണസ് പോയിന്റ് നൽകുന്നുണ്ട്. കൂടാതെ ഗവ:/ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ബോണസ് പോയിന്റ് അനുവദിക്കുന്നുണ്ട്. അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ 2 ബോണസ് പോയിന്റ് അനുവദിക്കുന്നുണ്ട്. |
| (ബി) | ഒരു പഞ്ചായത്തിൽ ശരാശരി ഒരു ഹയർ സെക്കൻഡറി സ്കൂൾ മാത്രമാണ് ഉള്ളത് എന്നതിനാൽ ബോണസ് മാർക്ക് നൽകുന്ന സംവിധാനം ഫ്ലക്സുകളിലും മറ്റും പ്രദർശിപ്പിച്ച് വിവിധ എയ്ഡഡ് സ്കൂളുകൾ സർക്കാർ ഹൈസ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ അതത് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഹയർ സെക്കൻഡറിപ്രവേശനത്തിന് ബോണസ് മാർക്ക് നൽകുന്നത് പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ബഹു. ഹൈക്കോടതി ഉത്തരവിലൂടെയുള്ള നിർദ്ദേശത്തിന്റേയും മറ്റും അടിസ്ഥാനത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനം അനുസരിച്ചാണ് പ്രാദേശിക ബോണസ് പോയിൻറുകൾ അനുവദിച്ചിട്ടുള്ളത്. നിലവിൽ പ്ലസ് വൺ പ്രവേശനത്തിൽ അനുവദിച്ചിട്ടുള്ള ബോണസ് പോയിൻറുകളെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഇല്ലാത്തതിനാലും, പ്രവേശന നടപടികൾ കുറ്റമറ്റ രീതിയിൽ നടക്കുന്നതിനാലും, പുനഃപരിശോധക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ